## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1013** 28-04-2017 -ൽ മറുപടിക്ക്

# പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. പി.ഉബൈദുള്ള**<br>**ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | പുറ്റിംഗൽ വെടിക്കെട്ട് ദുരന്തത്തെ ദേശീയ ദുരന്തമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിക്കണമെന്ന ആവശ്യം ഉയർന്നിരുന്നോ; ആയതു പരിഗണിക്കാമെന്ന വാഗ്ദാനം ഏതെങ്കിലുംഭാഗത്തു നിന്നുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | എ) | പുറ്റിംഗൽ വെടിക്കെട്ട് ദുരന്തത്തെ ദേശീയ ദുരന്തമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ, പുറ്റിംഗൽ ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ മാനദണ്ഡം അനുവദിക്കുന്നില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതാണ്. |
| ബി) | അപകടത്തിൽപ്പെട്ടവർക്കുള്ള സഹായ വാഗ്ദാനങ്ങൾ വിശദമാക്കാമോ; | ബി) | പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000/- രൂപയും വീതം 26.10.2016-ലെ സ.ഉ(സാധാ)നം.4497/2016/ ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ 20.04.2016-ലെ സ.ഉ(കൈ) നം.304/2016/റവ നമ്പർ ഉത്തരവ് പ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ ഓരോരുത്തർക്കും 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കുള്ളവർക്ക് 50,000/- രൂപ വീതവും അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) | കേന്ദ്ര സർക്കാരും സ്വകാര്യ വ്യക്തികളും സംഘടനകളുമുൾപ്പടെ നൽകിയ സഹായ വാഗ്ദാനങ്ങൾ എന്തൊക്കെയാണ്; അതിൽ എത്ര തുക കിട്ടിയിട്ടുണ്ട്; വിനിയോഗ വിവരങ്ങൾ വിശദമാക്കാമോ? | സി) | പുറ്റിംഗൽ ദുരിതാശ്വാസത്തിനായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി 2,58,78,123/- രൂപ (രണ്ട് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) പുറ്റിംഗലിലെ വെടിക്കെട്ട് ദുരന്തത്തിന് ഇരയായവർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി തുക |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ STSB - 799011400000012 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സംഭാവനായിനത്തിൽ ലഭിച്ച തുക വിനിയോഗിക്കേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ